# പതിനാലാം കേരള നിയമ സഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 80 — 26 - 02 - 2018-ൽ മറുപടിക്ക്.

## മലപ്പുറം ജനസേവ കേന്ദ്രം

ചോദ്യം — മറുപടി

ശ്രീ. പി. ഉബൈദുള്ള — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജനസേവ കേന്ദ്രത്തിൽ ഇപ്പോൾ നൽകി വരുന്ന സേവനങ്ങൾ വിശദമാക്കാമോ; ഈ സാമ്പത്തിക വർഷം ഓരോ മാസവും പ്രസ്തുത കേന്ദ്രത്തിൽ നിന്നും ലഭിച്ച കളക്ഷൻ എത്രയാണെന്ന് വെളിപ്പെടുത്താമോ; | (എ) | നിലവിൽ താഴെപ്പറയുന്ന വകുപ്പുകളുടെ സേവനങ്ങൾ മലപ്പുറം ഫ്രണ്ട്സ് ജനസേവനകേന്ദ്രം വഴി നൽകി വരുന്നുണ്ട്.<br>• കെ.എസ്.ഇ.ബി<br>• വാട്ടർ അതോറിറ്റി<br>• കോർപ്പറേഷൻ<br>• യൂണിവേഴ്സിറ്റി<br>• മോട്ടോർ വെഹിക്കിൾ<br>• ബി.എസ്.എൻ.എൽ<br>• ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്<br>ഈ സാമ്പത്തിക വർഷത്തെ കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ജനസേവ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഐടി മിഷൻ വഴി ജനസേവ കേന്ദ്രത്തിലേക്ക് ലഭിക്കുന്ന ഗ്രാന്റുകൾ മുഴുവനായും വിതരണം ചെയ്തിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ നവീകരണത്തിനായി ഐ.ടി മിഷൻ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2.18 കോടി രൂപ സർക്കാർ കേരള സ്റ്റേറ്റ് ഐ ടി മിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. തുക അതാത് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികൾക്ക് നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ജില്ലാ ആസ്ഥാനത്തെ സർക്കാർ സേവനങ്ങൾ കൃത്യമായി നൽകുന്ന കേന്ദ്രമെന്ന നിലയിൽ മലപ്പുറം ജനസേവ കേന്ദ്രത്തെ കൂടുതൽ കാര്യക്ഷമ മാക്കുന്നതിന് നടപടി സ്വീകരിക്കുമോ; കൂടുതൽ ജീവനക്കാരെ വിവിധ വകുപ്പുകളിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് സർക്കാർ സേവനങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മലപ്പുറം ഉൾപ്പെടെ സംസ്ഥാനത്തെ 14 ജില്ലയിലെയും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനും അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും ആവശ്യമായ തുക സർക്കാർ ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലെ ജീവനക്കാർ ജോലി ക്രമീകരണ വ്യവസ്ഥയിൽ വിവിധ വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ നിന്നും നിയമിക്കപ്പെടുന്നവരാണ്. പല വകുപ്പുകളും / സ്ഥാപനങ്ങളും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ നിന്നും ജീവനക്കാരെ പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സാമ്പത്തിക വർഷം ഓരോ മാസവും മലപ്പുറം ഫ്രണ്ട്സ് കേന്ദ്രത്തിൽ നിന്നും ലഭിച്ച കളക്ഷന്റെ വിശദാംശങ്ങൾ.

| മാസം | ബില്ലുകളുടെ എണ്ണം | തുക |
|---|---|---|
| ഏപ്രിൽ 2017 | 5643 | 6741875 |
| മേയ് 2017 | 5205 | 4317368 |
| ജൂൺ 2017 | 6382 | 5656490 |
| ജൂലൈ 2017 | 4747 | 5068267 |
| ആഗസ്റ്റ് 2017 | 5223 | 5708333 |
| സെപ്റ്റംബർ 2017 | 5509 | 4415298 |
| ഒക്ടോബർ 2017 | 6129 | 6428071 |
| നവംബർ 2017 | 11435 | 14794165 |
| ഡിസംബർ 2017 | 4885 | 4803723 |
| ജനുവരി 2018 | 8580 | 6787390 |
| ഫെബ്രുവരി 2018 | 3519 | 2977426 |

സെക്ഷൻ ഓഫീസർ